# ജോസഫ് മാലിപ്പറമ്പിലച്ചൻ

## ഭാരതപ്രേഷിതവിഹായസ്സിലെ  വെള്ളിനക്ഷത്രം

സാധാരണക്കാരായ നാമൊക്കെ പല അയുസ്സുണ്ടായിരുന്നുവെങ്കിൽ ചെയ്യുമായിരുന്ന കാര്യങ്ങൾ ഒരൊറ്റ ആയുസ്സിൽ ചെയ്തിരുന്ന ചില വ്യക്തികളുണ്ട്. അങ്ങനെയുള്ളവരെ മഹാന്മാർ എന്നു വിളിക്കാമെങ്കിൽ മണ്മറഞ്ഞ ബഹുമാനപ്പെട്ട ജോസഫ് മാലിപ്പറമ്പിലച്ചൻ എല്ലാം കൊണ്ടും ആ വിളിക്ക് യോഗ്യനാണ്. തന്റെ ജനത്തിനുവേണ്ടി അദ്ദേഹം ചെയ്തുകൊണ്ടിരുന്ന മഹത്കാര്യങ്ങൾ കണ്ടു കൊതിതീരാഞ്ഞിട്ടാണോ ദൈവം അദ്ദേഹത്തിനു ദീർഘായുസ്സു നൽകിയത് എന്ന് തോന്നിപ്പോവുകയാണ്. അറുപതുവർഷം നീണ്ട വൈദികജീവിതത്തിൽ, കാൻസർ ബാധിതനാണു എന്നു തിരിച്ചറിഞ്ഞ് നിർബ്ബന്ധവിശ്രമം വിധിക്കപ്പെട്ട ഏതാനും മാസങ്ങളൊഴികെ, എന്നും അദ്ദേഹം കർമ്മനിരതനായിരുന്നു. വിശ്രമജീവിതത്തിന്റെ വിരസതയെക്കാൾ കർമ്മൗത്സുക്യത്തിന്റെ കഷ്ടതകളാണു കൂടുതൽ അഭികാമ്യം എന്നു അദ്ദേഹം വിശ്വസിച്ചു. ചെന്നിടത്തും ചെയ്തിടത്തുമെല്ലാം ഒന്നാമനായിരുന്ന അദ്ദേഹം എല്ലായിടത്തും അവസാനക്കാരനാകാനാണ് ഇഷ്ടപ്പെട്ടത്. അദ്ദേഹം ആഗ്രഹിച്ചിരുന്നുവെങ്കിൽ ജനം അദ്ദേഹത്തെ തോളിലേറ്റിയേനെ; എന്നാൽ ജനത്തെ തോളിലേറ്റാനായിരുന്നു അദ്ദേഹത്തിനു താല്പര്യം. ചരിത്രത്താളുകളിൽ ഇടം കണ്ടെത്താമായിരുന്നു; എന്നാൽ ജനമനസ്സുകളിൽ ജീവിക്കനാണു അദ്ദേഹം ശ്രമിച്ചത്. താൻ സ്ഥാപിച്ച മിഷൻ ലീഗിന്റെ സാരഥിയായി ആജീവനാന്തം ജീവിക്കാമായിരുന്നു. എന്നാൽ, അതിന്റെ എളിയ പ്രവർത്തകനായിരിക്കാനായിരുന്നു അദ്ദേഹം ആഗ്രഹിച്ചത്.

കൊച്ചി തേവരയിൽ നിന്നും കുടമാളൂരിൽ കുടിയേറി താമസിച്ച കാനാട്ട് അവിരാത്തരകൻ എന്നയാളിന്റെ പിൻതലമുറയിൽ പെട്ട കുര്യൻ–മറിയം ദമ്പതികളുടെ ആദ്യപുത്രനായിരുന്നു ജോസഫ് മാലിപ്പറമ്പിലച്ചൻ. കരിപ്പൂത്തട്ടിലും മാന്നാനത്തുമായി സ്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കിയതിനുശേഷം കോട്ടയത്ത് ചങ്ങനാശ്ശേരി അതിരൂപത വക മൈനർ സെമിനാരിയിൽ ചേർന്നു വൈദിക പഠനം ആരംഭിച്ചു. മംഗലപ്പുഴ സെമിനാരിയിൽ നിന്നും പഠനം പൂർത്തിയാക്കിയതിനുശേഷം 1936 ഡിസംബർ 21 നു മാർ ജെയിംസ് കാളാശ്ശേരി പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. മന്ദസ്മിതം പൊഴിച്ചുകൊണ്ട് കടന്നുപോയ വഴികളിലെല്ലാം നന്മയുടെ മധുരം വിളമ്പുകയും പ്രേഷിതത്വത്തിന്റെ വിള കൊയ്യുകയും ചെയ്ത മാലിപ്പറമ്പിലച്ചന്റെ വൈദികജീവിതം പുതിയ തലമുറക്ക് അനുകരണീയമായ മാത്രുകയാണ്.

മിഷൻലീഗിന്റെ സ്ഥാപനം

മാലിപ്പറമ്പിലച്ചന്റെ ജീവിതത്തിലെ മാത്രമല്ല, ഇന്ത്യയിലെ കത്തോലിക്കാസഭയുടെ ചരിത്രത്തിലെ തന്നെ വലിയ ഒരു സംഭവമായിരുന്നു ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപനം. അച്ചൻ ഭരണങ്ങാനം പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിരുന്ന കാലത്താണ് മിഷൻ ലീഗാരംഭിച്ചത്. മിഷനറിയാകാൻ ആഗ്രഹിച്ച് സാധിക്കാത്തതിൽ ഖിന്നനായിരുന്ന മാലിപ്പറമ്പിലച്ചൻ മിഷൻ കാര്യങ്ങളിൽ എന്നും തല്പരനായിരുന്നു. അതുകൊണ്ടാണ് നമുക്കൊരു മിഷൻ സംഘടനയുണ്ടാക്കാം എന്ന് ഒരു യുവാവു വന്നു പറഞ്ഞപ്പോൾ അച്ചൻ പെട്ടെന്നു തന്നെ അതിനു തയ്യാറായത്. ഒരു ദിവസം അച്ചന്റെ മുറിയിൽ വന്ന് അത് പറഞ്ഞത് മറ്റാരുമായിരുന്നില്ല, കുഞ്ഞേട്ടൻ എന്ന് പിൽക്കാലത്ത് അറിയപ്പെട്ട പി.സി.അബ്രാഹം പല്ലാട്ടുകുന്നേൽ ആയിരുന്നു അത്. കുഞ്ഞേട്ടന്റെ പ്രേരണയുടെയും പിന്തുണയുടെയും ബലത്തിലാണ് അച്ചൻ മിഷൻ ലീഗിനു ആരംഭം കുറിച്ചത്. ഭരണങ്ങാനം ഇടവകയിലെ ആളുകളുടെയിടയിൽ പ്രേഷിതചൈതന്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു അതിന്റെ ആരംഭം. മിഷൻലീഗിന്റെ ആരംഭത്തിൽ അച്ചൻ അതിനു നൽകിയ രൂപഭാവങ്ങൾ അച്ചന്റെ വ്യക്തിത്വത്തിന്റെ തന്നെ പ്രതിഫലനങ്ങളായിരുന്നു. ശിശുസഹജമായ നിഷ്കളങ്കതയും നിർമലതയും ജീവിതത്തിന്റെ സ്ഥായീഭാവങ്ങളായി കാത്തുസൂക്ഷിച്ചിരുന്ന അദ്ദേഹം നിർമ്മലതയുടെ പര്യായമായ കുട്ടികളെ തന്നെയാണു മിഷൻലീഗിന്റെ ധർമ്മപടയാളികളായി തിരഞ്ഞെടുത്തത്. ലാളിത്യവും സരളതയും വ്യക്തിത്വത്തിന്റെ മുഖമുദ്രകളായി കൊണ്ടുനടന്നിരുന്ന അദ്ദേഹം ലളിതവും നിസ്സാരവുമായ മാർഗ്ഗങ്ങളിലൂടെയാണു മിഷനായി ധനശേഖരണം നടത്തിയിരുന്നത്. മിഷൻ കോഴി, മിഷൻ മുട്ട, മിഷൻ കുടുക്ക എന്നിവ അദ്ദേഹം കണ്ടുപിടിച്ച ചില ധനസമാഹാരണ

മാർഗ്ഗങ്ങളായിരുന്നു. കുട്ടികൾക്കിടയിൽ അവയുണ്ടാക്കിയ ഉണർവ്വും ഉന്മേഷവും ഈ പദ്ധതികൾ എന്തുമാത്രം ഫലവത്തായിരുന്നു എന്നതിനു തെളിവാണ്. ഒരു കോഴിയെക്കൊണ്ടു ദിവസം ഒന്നിൽ കൂടുതൽ മുട്ടയിടീക്കുവാനായി അതിനു കൂടുതൽ തീറ്റ നൽകി വീണ്ടും വീണ്ടും കുട്ടക്കടിയിൽ വച്ച് കാത്തിരിക്കുന്ന കുട്ടികളുടെ ചിത്രം അദ്ദേഹം തന്നെ വിവരിച്ചിട്ടുണ്ട്. പ്രേഷിതജീവിതത്തെക്കുറിച്ചും അത് ആവശ്യപ്പെടുന്ന ത്യാഗങ്ങളെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടുകൾ സ്വന്തമായിരുന്ന അദ്ദേഹം മിഷൻ ലീഗിന്റെ മുദ്രാവാക്യമായി തിരഞ്ഞെടുത്ത വാക്കുകൾ ത്യാഗം, സ്നേഹം, സേവനം, സഹനം എന്നിവയായിരുന്നു എന്നതിൽ ഒട്ടും അതിശയിക്കനില്ല.
1947 ഒക്ടോബർ 3 ന് ഭരണങ്ങാനത്ത് അൽഫോൻസാ നഗറിൽ അന്നത്തെ കോട്ടയം രൂപതാ മെത്രാൻ മാർ തോമസ് തറയിൽ പിതാവ് തിരിതെളിച്ച് ഔദ്യോഗികമായി ഉദ്ഘാടനം നിർവ്വഹിച്ച ചെറുപുഷ്പ മിഷൻ ലീഗ് ഇന്ന് ഒരു അന്തർദ്ദേശീയ പ്രസ്ഥാനമായി മാറിക്കഴിഞ്ഞു. ഈ കാലയളവിനുള്ളിൽ അനേകായിരങ്ങളാണ് മിഷൻ ലീഗിലൂടെ തങ്ങളുടെ പ്രേഷിത വിളി തിരിച്ചറിഞ്ഞത്. കേരള സഭയിലെ മെത്രാന്മാരിൽ ഒട്ടനവധി പേർ മിഷൻ ലീഗിന്റെ അംഗങ്ങളായിരുന്നു. ആകെ ഏഴുപേർ ചേർന്നാരംഭിച്ച ഒരു എളിയ സംരംഭം ദൈവികപരിപാലനയുടെ തോളിലേറി ഇന്ന് ഒരു വൻപ്രസ്ഥനമായി മാറിയതിൽ സ്ഥാപകന്റെയും സ്ഥപകാംഗങ്ങളുടെയും ഉദ്ദേശ്യശുദ്ധിയും അർപ്പണഭാവവും സാധൂകരിക്കപ്പെട്ടു എന്ന് നിസ്സംശയം പറയുവാൻ കഴിയും.

## മിഷൻ റിക്രൂട്ടുമെന്റും മിഷൻ യാത്രകളും

മിഷനറിയാകാൻ സാധിക്കാത്തതിന്റെ ഇഛാഭംഗം മാലിപ്പറമ്പിലച്ചൻ തീർത്തത് അനേകരെ പ്രേഷിതരംഗത്തേക്ക് അയച്ചുകൊണ്ടായിരുന്നു. രൂപതകൾക്ക് പ്രത്യേകം മിഷൻ ലീഗ് ഡയറക്ടറോ വൊക്കേഷൻ ബ്യൂറോയോ ഇല്ലാതിരുന്ന കാലത്ത് കേരളമൊട്ടാകെയുള്ള പ്രേഷിത ദൈവവിളികൾ പ്രോത്സാപ്പിച്ച് തീക്ഷ്ണതയുള്ള യുവതീയുവാക്കളെ മിഷൻ രംഗത്തേക്ക് അയക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തം മാലിപ്പറമ്പിലച്ചൻ നേരിട്ട് നടത്തുകയാണു ചെയ്തത്. മിഷൻ ലീഗു വഴിയായി ഒരു വലിയ പ്രേഷിത ഉണർവ്വും മുന്നേറ്റവും കേരളമാകെ അലയടിക്കാൻ തുടങ്ങിയിരുന്നു. എനിക്കും മിഷനു പോകണം എന്ന ആവശ്യവുമായി ദിനം പ്രതി നിരവധി കത്തുകളാണു അച്ചനെത്തേടി വന്നു തുടങ്ങിയത്. പാറ്റ്നാ രൂപതദ്ധ്യക്ഷനായിരുന്ന വിൽഡർമുത്ത് തന്റെ രൂപതയിൽ പ്രേഷിതവ്രുത്തി ചെയ്യുവാൻ താല്പര്യമുള്ള കേരളീയ യുവതികളെ ആവശ്യപ്പെട്ടുകൊണ്ട് എഴുതിയ ഒരു കത്താണ് ഇപ്രകാരമുള്ള മിഷൻ റിക്രൂട്ടിങ്ങിനായി ഇറങ്ങി പുറപ്പെടാൻ തന്നെ പ്രേരിപ്പിച്ചത് എന്ന് മാലിപ്പറമ്പിലച്ചൻ എഴുതുന്നുണ്ട്. ആദ്യ ബാച്ചിലായി 15 പേരെയാണ് പാറ്റ്നാ മിഷനിലേക്ക് അയച്ചത്. പിന്നെ അതൊരു പ്രവാഹമായിരുന്നു. 1950 മുതൽ ഉത്തരേന്ത്യയിലെ അനേകം സന്യാസിനീ സമൂഹങ്ങളിലേക്ക് ധാരാളം യുവതികളെ ബാച്ചു ബാച്ചായി അയക്കുകയും പലപ്പോഴും നേരിട്ട് കൊണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പാറ്റ്നായിലെ IBMV സമൂഹം, ഡൽഹി കേന്ദ്രമാക്കി ഹരിയാനാ, പഞ്ചാബ്, ഉത്തർ പ്രദേശ്, മദ്ധ്യ പ്രദേശ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സമൂഹം, മീററ്റ് കേന്ദ്രമായുള്ള ഫ്രാൻസിസ്കൻ സമൂഹം, മൊക്കാമ്മയിലെ നസ്രത്ത് സിസ്റ്റേഴ്സ്, ക്രിഷ്ണഗാറിലെ SMJ സിസ്റ്റേഴ്സ്, ബോംബേയിലെ PSOL സിസ്റ്റേഴ്സ്, ബോംബേയിലെ DSP സമൂഹം മുതലായ മിക്ക സമൂഹങ്ങളിലെയും ആദ്യത്തെ കേരളീയ മിഷനറിമാർ അച്ചൻ പല പ്രവശ്യമായി റിക്രൂട്ട് ചെയ്തയച്ചതോ കൊണ്ടാക്കിയതോ ആയ കുട്ടികളാണ്.
ഇപ്രകാരം യുവതികളെ മിഷനിലേക്ക് അയക്കുക മാത്രമല്ല മിഷൻ ലീഗ് ഡയറക്ടർ എന്ന നിലയിൽ അച്ചൻ ചെയ്തത്. പ്രേഷിത രംഗങ്ങളിൽ നേരിട്ട് ചെന്ന് അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുകയും അവരെ പ്രോത്സാഹിപ്പുക്കുകയും ചെയ്യുന്നതിലും അച്ചൻ സമയം കണ്ടെത്തിയിരുന്നു. 1950 മുതൽ ഏകദേശം രണ്ടു ഡസനിലധികം പ്രാവശ്യം അദ്ദേഹം ഉത്തരേന്ത്യൻ പര്യടനം നടത്തിയിട്ടുണ്ട്.

## അമ്പൂരി, മായം പ്രദേശങ്ങളിൽ

മായം, അമ്പൂരി നിവാസികളുടെ ഹ്രുദയങ്ങളിൽ ഇന്നും നിറം മങ്ങാതെ നില്ക്കുന്ന ഒരു മുഖമാണു മാലിപ്പറമ്പിലച്ചന്റേത്. 1955 മുതൽ ഒരു ദശവർഷക്കാലത്തോളം ഈ അവികസിത പ്രദേശങ്ങളിലെ ജനങ്ങളോടൊപ്പം ജീവിച്ച് അവരുടെ സർവ്വതോന്മുഖമായ വളർച്ചക്കും വികസനത്തിനുമായി അദ്ദേഹം സ്വയം സമർപ്പിക്കുകയായിരുന്നു. ഒരു കുടിയേറ്റജനതയുടെ മുഴുവനും സ്വപ്നങ്ങൾ ഹ്രുദയത്തിലേറ്റെടുത്തുകൊണ്ട് അവരുടെ മിശിഹായായി മാറുകയായിരുന്നു അച്ചൻ. തൊടുപുഴ, പാലാ എന്നീ സ്ഥലങ്ങളിൽ നിന്നും കുടിയേറിയ ആളുകളായിരുന്നു മായം, അമ്പൂരി ഭാഗങ്ങളിലുണ്ടായിരുന്നത്. കാട്ടുമ്രുഗങ്ങളോട് മല്ലിട്ടും മലമ്പനിയോടു പടവെട്ടിയും ജീവിച്ചിരുന്ന അവർക്ക് ജീവിതത്തിന്റെ സാധാരണ ഭാവങ്ങളിലേക്ക് കടന്നുവരുവാനുള്ള പാത വെട്ടിത്തുറന്നത് മാലിപ്പറമ്പിലച്ചൻ ആയിരുന്നു.

1955 –ൽ ചങ്ങനാശ്ശേരി രൂപത കന്യാകുമാരി വരെ വികസിപ്പിച്ചപ്പോൾ നെയ്യാർ ഡാമിനപ്പുറത്ത് സ്ഥിതിചെയ്തിരുന്ന അതിദുർഘടമായ ഈ കുടിയേറ്റകേന്ദ്രങ്ങളുടെ അജപാലന ചുമതല രൂപതയുടെ ചുമലിലായപ്പോൾ, തികച്ചും ഒരു പ്രേഷിത രംഗമായിരുന്ന ഇവിടങ്ങളിലേക്ക് പോകുവനുള്ള അനുമതി അച്ചൻ കാവുകാട്ട് പിതാവിൽനിന്നും 'എന്നെ അയച്ചാലും' എന്ന് പറഞ്ഞുകൊണ്ട് ചോദിച്ചുവാങ്ങി. നെയ്യാർ ഡാമിൽ ബസ്സിറങ്ങി ആറു കിലോമീറ്റർ കുന്നും മലയും കയറിയിറങ്ങി വേണമായിരുന്നു മായം പള്ളിയിലെത്താൻ. അവിടെനിന്നും അഞ്ച് കിലോമീറ്റർ നടന്നാൽ അമ്പൂരിയിലുമെത്താമായിരുന്നു. തികച്ചും അവികസിതമായ മേഖല. ഓടിട്ടതായി ആ പ്രദേശത്തുണ്ടായിരുന്ന കെട്ടിടങ്ങൾ മായത്തും അമ്പൂരിയിലുമുണ്ടായിരുന്ന പ്രൈമറി സ്കൂളുകൾ മാത്രം. മൺഭിത്തിയും, കാട്ടുകമ്പുകൾ നിരത്തിയ കൂരയിന്മേൽ പുല്ലുമേഞ്ഞ മേല്പുരയുമായി നിർമ്മിച്ചതാണു എല്ലാ വീടുകളും. അമ്പൂരിയിലെ പള്ളിയുടെ സ്ഥിതിയും അതുതന്നെ ആയിരുന്നു. മായത്തെ സ്കൂളിന്റെ ഇരുവശങ്ങളിലും പുല്ലുമേഞ്ഞ ഓരോ ചായ്പ്പുണ്ടായിരുന്നു. അവയിൽ ഒന്നിലായിരുന്നു അച്ചന്റെ താമസം. പിന്നിട് തിരുഹൃദയ സഭയിലെ സിസ്റ്റേഴ്സ് വന്നപ്പോൾ മറുവശത്തെ ചായ്പ്പ് അവരും എടുത്തു. മായത്തു താമസിച്ചുകൊണ്ട് അവിടെയും അമ്പൂരിയിലും മാറി മാറി കുർബ്ബാന ചൊല്ലിക്കൊണ്ട് അച്ചൻ തന്റെ പ്രവർത്തനം ആരംഭിച്ചു. ശാരീരികവും ആത്മീയവുമായി ക്ഷയോന്മുഖമായിരുന്ന ജീവിതങ്ങളെ വളർച്ചയുടെ ഹരിതശോഭയിലേക്കാനായിക്കുക അത്ര എളുപ്പമായിരുന്നില്ല. എങ്കിലും പത്തുവർഷക്കാലത്തെ സമർപ്പിത ജീവിതം വ്യുഥാവിലായില്ല. ആത്മീയതയുടെ കുളിർത്തെന്നൽ മനസ്സുകളെ തഴുകിത്തുടങ്ങിയപ്പോൾ കുടിയേറ്റ ജനത വികസനത്തിന്റെ പുത്തൻ സ്വപ്നങ്ങൾ നെയ്തെടുക്കുവാൻ തുടങ്ങി. രണ്ട്കൊല്ലം കൊണ്ട് പത്തു റോഡുകളാണു അച്ചന്റെ നേതൃത്വത്തിൽ അവർ പണി തീർത്തത്. റോഡുവെട്ടുവാൻ തൂമ്പായും അരിവാളുമായി തങ്ങളോടൊപ്പം അദ്ധ്വാനിക്കുകയും ചെറുപയറും വറ്റൽ മുളകുമിട്ട് വേവിച്ച ഉച്ചക്കഞ്ഞി തങ്ങളോടൊപ്പമിരുന്നു കഴിക്കുകയും ചെയ്തിരുന്ന മാലിപ്പറമ്പിലച്ചന്റെ വിയർപ്പൊഴുകുന്ന സുസ്മേരവദനം അമ്പൂരി, മായം നിവാസികളുടെ ഇളം തലമുറയുടെ മനസ്സുകളിൽ പോലും ഇന്നും പ്രഭ മാറാതെ നില്പ്പുണ്ടാകും. ഒന്നിച്ചുള്ള അദ്ധ്വാനത്തിന്റെ മഹത്വവും മാധുര്യവും മായത്തെ ജനമനസ്സുകളിൽ മായാമുദ്രകളായി അവശേഷിപ്പിക്കുന്നതിൽ അച്ചൻ വിജയിച്ചു.

## സെന്തോമസ് മിഷനറി സൊസൈറ്റി

സീറോ–മലബാർ സഭയുടെ പൊതുവായ പ്രേഷിത മുന്നണിയായി സെന്തോമസ് മിഷനറി സൊസൈറ്റി പിറവിയെടുത്തപ്പോൾ അതിന്റെ ആദ്യ അംഗമായി പേരു ചേർത്തത് മാലിപ്പറമ്പിൽ അച്ചൻ തന്നെയായിരുന്നു. പ്രേഷിതതീക്ഷണത മനസ്സിലും ഹൃദയത്തിലും ആവാഹിച്ചിരുന്ന അദ്ദേഹം സീറോ–മലബാർ സഭക്ക് തനതായ ഒരു വൈദിക പ്രേഷിത മുന്നണി എന്ന ആശയത്തോട് ആരംഭം മുതൽ തന്നെ സഹകരിച്ചിരുന്നു. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ അൽമായ പ്രേഷിതമുന്നണിക്ക് രൂപം കൊടുത്ത മാലിപ്പറമ്പിലച്ചന് സഭയുടേതായി രൂപം കൊള്ളുന്ന വൈദികരുടെ പ്രേഷിത മുന്നണിയിൽ നിന്നും മാറി നില്ക്കുക അസാദ്ധ്യമായിരുന്നല്ലോ. മിഷൻ ലീഗിന്റെ തുടർച്ചയായിട്ടു തന്നെയാണു അദ്ദേഹം സൊസൈറ്റിയെ കണ്ടിരുന്നത്. 1968 മുതൽ 1978 വരെയുള്ള പത്തുവർഷക്കാലം അച്ചൻ തന്നെയായിരുന്നു സെന്തോമസ് മിഷനറി സൊസൈറ്റിയുടെ ഡയറക്ടർ ജനറൽ. ഈ മിഷനറി സൊസൈറ്റിയെ ബാലാരിഷ്ടതകളിൽ നിന്നും രക്ഷിച്ച് ഭാവി വെല്ലുവിളികളെ നേരിടാൻ സജ്ജമാക്കിയത് അച്ചന്റെ നേതൃത്വം തന്നെയായിരുന്നു. ജീവിതലാളിത്യവും വിശുദ്ധിയും പ്രവർത്തികളിലും പെരുമാറ്റത്തിലും ചാലിച്ച് ചേർത്തിരുന്ന അച്ചന്റെ നേതൃത്വം സൊസൈറ്റിയിലെ വൈദികർക്കും വൈദിക വിദ്യാർത്ഥികൾക്കും എന്നും മാതൃകയും പ്രചോദനവുമായിരുന്നു. ഡയറക്ടർ ജനറൽ പദവി ഒഴിഞ്ഞതിനുശേഷം സൊസൈറ്റിയുടെ മൈനർ സെമിനാരി റെക്ടർ ആയിരുന്നുകൊണ്ട് ഭാവിവൈദിക തലമുറക്ക് പ്രേഷിത തീക്ഷണതയിൽ അടിയുറച്ച രൂപീകരണം നല്കുവാൻ അദ്ദേഹത്തിനു സാധിച്ചു. നിഷ്കളങ്കമായ സ്നേഹം കൊണ്ടും നിർമലമായ പ്രവർത്തികൾ കൊണ്ടും വൈദികവിദ്യാർത്ഥികളുടെ മനം കവർന്ന അദ്ദേഹത്തിന്റെ ലളിതവും എന്നാൽ ഹൃദയസ്പർശിയുമായ ഉപദേശങ്ങൾ അനർഘനിധിയായി ഹൃദയത്തിൽ സൂക്ഷിക്കുന്നുണ്ട് അദ്ദേഹത്തിന്റെ ശിഷ്യസഞ്ചയം. തന്റെ ജീവിതാനുഭവങ്ങൾ സരസമായ രീതിയിൽ പങ്കുവെച്ചുകൊണ്ട് സ്വശിഷ്യന്മാർക്ക് നിസ്വാർത്ഥമായ സഭാശുശ്രൂഷയുടെ വിലമതിയാത്ത പാഠങ്ങൾ അദ്ദേഹം പകർന്നു നൽകി.

## ചങ്ങനാശ്ശേരി അതിരൂപതയിൽ

മാതൃരൂപതയായ ചങ്ങനാശ്ശേരിയിൽ മാലിപ്പറമ്പിലച്ചൻ ചെയ്ത സേവനങ്ങൾ നിരവധിയാണ്. വൈദികപട്ടമേറ്റ അതേ വർഷം തന്നെ രൂപതാ മൈനർ സെമിനാരിയിൽ

ആത്മീയ പിതാവായി അദ്ദേഹം നിയോഗിക്കപ്പെട്ടു. അക്കാലത്തെ ശിഷ്യപ്രമുഖരിൽ തലശ്ശേരി രൂപതയുടെ ആദ്യ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവും ഉൾപ്പെടുന്നു. പിന്നീട് രൂപതയുടെ പല ഇടവകകളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചു. ഭരണങ്ങാനാത്ത് രണ്ടു തവണ കൊച്ചച്ചനായി സേവനം ചെയ്തു. അവിടുത്തെ രണ്ടാം ഊഴത്തിലാണു മിഷൻ ലീഗിനു രൂപം നൽകിയത്. എരുമേലി, പുളിങ്കുന്ന്, ചങ്ങനാശ്ശേരി ഇടവകകളിലും അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. 1954–55 കാലഘട്ടത്തിൽ രൂപതയിലെ ഭക്തസംഘടനകളുടെ പ്രൊമോട്ടർ ആയി അദ്ദേഹം ജോലി നോക്കി. രൂപതയൊട്ടകെയുള്ള മിഷൻലീഗ്, സൊഡാലിറ്റി, ലീജിയൺ ഓഫ് മേരി മുതലായി അന്നുനിലവിലിരുന്ന ഭക്തസംഘടനകളെ സജീവമാക്കുകയും ഇല്ലാത്തിടത്ത് അവ സ്ഥാപിക്കുകയുമായിരുന്നു അച്ചൻ ചെയ്തിരുന്നത്. 1964–69 വരെയുള്ള കാലത്ത് അദ്ദേഹം ചങ്ങനാശ്ശേരി കത്തീഡ്രൽ വികാരിയായിരുന്നു. അദ്ദേഹമാണു അവിടെ ഇടവകാ ബുള്ളെറ്റിൻ ആരംഭിച്ചത്.

മംഗലപ്പുഴ സെമിനാരിയിൽ

മംഗലപ്പുഴ സെമിനാരിയോട് വിട പറഞ്ഞ് 47 വർഷത്തിനുശേഷം 1983 –ൽ അവിടെ തിരികെയെത്തിനതിനെക്കുറിച്ച് മാലിപ്പറമ്പിലച്ചൻ ഇങ്ങനെ പറയുന്നു. ''എന്റെ ഗുരുഭൂതന്മാരായ വൈദികസത്തമന്മാർ താമസിച്ച ഭവനത്തിൽ താമസിക്കാൻ, അവർ പ്രാർത്ഥിക്കുകയും ബലിയർപ്പിക്കുകയും ചെയ്ത ചാപ്പലിൽ പ്രാർത്ഥിക്കുവാനും ബലിയർപ്പിക്കുവാനും, ആദ്ധ്യാത്മികപിതാക്കന്മാരായ ഔറേലിയനച്ചനും സക്കറിയാസച്ചനും നടന്ന മണല്പരപ്പിലൂടെ നടക്കാൻ ഞാൻ വീണ്ടും മംഗലപ്പുഴയിലെത്തി''. അവിടുത്തെ പന്ത്രണ്ടു വർഷത്തെ ജീവിതം കൊണ്ടു നേടിയത് ആത്മീയ സന്താനങ്ങളായ 353 യുവവൈദികരെയാണ് എന്ന് അച്ചൻ എടുത്തുപറയുന്നു. കേരളത്തിനകത്തും പുറത്തുമായി പൗരോഹിത്യജീവിതത്തിന് ഉത്തമ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്ന ഈ വൈദികശിഷ്യർ സഭക്കുള്ള അദ്ദേഹത്തിന്റെ വലിയ സംഭാവനയാണ്. ആത്മീയതയുടെ നിറസൗര്യഭ്യത്തിനൊപ്പം അദ്ധ്വാനത്തിന്റെ നറുമാധുര്യവും അച്ചൻ സ്വശിഷ്യന്മാർക്ക് പകർന്നുനൽകി. ആ കാലഘട്ടത്തിൽ ആലുവാ സെമിനാരി റെക്ടർ ആയിരുന്ന ജോർജ്ജ് ഓലിയപ്പുറത്തച്ചൻ അച്ചനെ അനുസ്മരിച്ചുകൊണ്ട് ഇപ്രകാരം എഴുതുന്നു. ''പരിഭവവും കുറ്റവും അദ്ദേഹത്തിന്റെ വാക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. വിദ്വേഷം ആ ജീവിതത്തെ തീണ്ടിയിട്ടില്ല. വിദ്വേഷം സൂക്ഷിക്കാൻ ആ ഹ്രുദയത്തിൽ അറകളില്ല. ഏതു ഭാരവും അദ്ദേഹത്തിനു ലഘുവായിരുന്നു, നുകം മധുരമുള്ളതും. നന്മ എവിടെ കണ്ടാലും സ്നേഹിക്കും, പ്രോത്സാഹിപ്പിച്ച് വളർത്തും''. വിശുദ്ധനായ ഈ ആദ്ധ്യാത്മികാചാര്യനെക്കുറിച്ച് ഇതിലും നല്ല ഒരു സാക്ഷ്യം എവിടെ കിട്ടാൻ.

വിശ്രമം സ്വർഗ്ഗത്തിൽ

ദൈവം നൽകിയ ജീവിതം നന്മ ചെയ്തു തീർക്കുവനുള്ളതാണു എന്നു വിശ്വസിച്ചിരുന്ന മാലിപ്പറമ്പിലച്ചൻ വിശ്രമത്തെക്കുറിച്ച് ഒരിക്കലും ചിന്തിച്ചിരുന്നില്ല. ആലുവാ സെമിനാരിയിലെ സേവനം അവസാനിച്ചപ്പോൾ വിശ്രമിക്കുവാനുള്ള നിർദ്ദേശം വന്നപ്പോൾ സാധിക്കുന്നിടത്തോളം കാലം ശുശ്രൂഷ ചെയ്യുവാൻ അനുവദിക്കണം എന്നായിരുന്നു അച്ചന്റെ അപേക്ഷ. അങ്ങനെയാണ് ആലുവായിൽതന്നെയുള്ള റൊഗാത്തൊ ആശ്രമത്തിലെ മൈനർ സെമിനാരി വിദ്യാർഥികളുടെ ആദ്ധ്യാത്മിക ശുശ്രൂഷക്കായി അദ്ദേഹം പോയത്. അവിടെനിന്നുമാണ് തിരുഹ്രുദയ സഭയിലെ സഹോദരിമാർ അച്ചനെ നിർബ്ബന്ധപൂർവം മുടിയൂർക്കരെയുള്ള അവരുടെ പ്രായമായ സിസ്റ്റേർസ് താമസിക്കുന്ന ജ്യോതിനിവാസിലെ ആത്മീയ പിതാവായി കൊണ്ടുപോയത്. അവിടെയും അദ്ദേഹം കർമനിരതനായിരുന്നു. മെഡിക്കൽ കോളേജിലെ രോഗികളെ സന്ദർശിക്കുക, അവരുടെ ആദ്ധ്യാത്മിക കാര്യങ്ങളിൽ ശ്രദ്ധിക്കുക, സിസ്റ്റേസിനു ക്ലാസ്സുകൾ എടുക്കുക എന്നീ കാര്യങ്ങളിൽ അദ്ദേഹം വ്യാപ്രുതനായിരുന്നു. പ്രായം തൊണ്ണൂറിനോടടുത്തിട്ടും തളരാൻ മനസ്സിനെ അനുവദിക്കാത്ത അദ്ദേഹത്തെ പക്ഷെ ദൈവം തിരികെ വിളിക്കാൻ തന്നെ തീരുമാനിച്ചു. എന്നാൽ അതിനുമുൻപ് സഹനത്തിന്റെ ദിവ്യപാഠങ്ങൾ കൂടി അദ്ദേഹത്തിലൂടെ നൽകുവാനുണ്ടായിരുന്നു. കാൻസർ ബാധിതനായി മരണത്തെ പ്രതീക്ഷിച്ച് കിടക്കുമ്പോഴും അദ്ദേഹം സുസ്മേരവദനനായിരുന്നു. സഹനത്തിന്റെ മുൻപിൽ അദ്ദേഹം പകച്ചുനിന്നില്ല. സന്തോഷത്തോടെ അതിനെ സ്വീകരിച്ചു. അതുകൊണ്ടുതന്നെയാകാം ആ സഹനം അധികകാലം ദീർഘിച്ചില്ല. കൂദാശകൾ ബോധപൂർവം സ്വീകരിച്ച്, 1998 സെപ്റ്റെംബർ 9– നു അദ്ദേഹം സ്വർഗ്ഗത്തിലേക്ക് യാത്രയായി. മരണത്തെ മുന്നിൽ കണ്ട അദ്ദേഹം സെന്തോമസ് മിഷനറി സൊസൈറ്റിയിലെ വൈദികരോടും സഹോദരന്മാരോടും യാത്ര പറയാൻ മറന്നില്ല. സംസാര ശേഷി നഷ്ടപ്പെട്ടിരുന്ന അച്ചൻ ഇപ്രകാരം എഴുതി. ''ഞാൻ സ്വർഗ്ഗത്തിലേക്കുള്ള

യാത്രയിലാണ്. ഈ യാത്ര സുഖകരമായിരിക്കുവാനായി എനിക്കുവേണ്ടി പ്രാർത്ഥിക്കുക''. സ്വർഗ്ഗം മുന്നിൽ കണ്ടതുകൊണ്ടാകണം മരണ സമയത്തും പുഞ്ചിരിക്കാൻ അദ്ദേഹത്തിനു സാധിച്ചത്.

സംസാരശേഷി നഷ്ടപ്പെട്ട അവസാന നാളുകളിൽ അച്ചൻ ഓരോ ആവശ്യവും കടലാസിൽ കുറിച്ച് നല്കുകയായിരുന്നു. അന്ന് അപ്രകാരം ലഭിച്ച ഓരോ കുറിപ്പും നഷ്ടപ്പെടുത്താതെ അനർഘ നിധിയായി ഇന്നും സൂക്ഷിക്കുന്ന നേഴ്സുമാരും സിസ്റ്റേർസും അച്ചന്റെ വിശുദ്ധ ജീവിതത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് ഒരിക്കൽ അച്ചനും വിശുദ്ധനായി പ്രഖ്യാപിക്കപ്പെടും എന്ന പ്രതീക്ഷയിൽ കഴിയുന്നു. മാലിപ്പറമ്പിലച്ചന്റെ ഒരിക്കലും മങ്ങാത്ത മന്ദസ്മിതം ഇന്നും അദ്ദേഹത്തെ പരിചയമുള്ള എല്ലാവരുടെയും മനസ്സിലും ഹ്രുദയത്തിലും ശോഭകെടാതെ നിലനില്ക്കുന്നു. മാലിപ്പറമ്പിലച്ചന്റെ സംസ്കാരശുശ്രൂഷയിൽ ചരമ പ്രസംഗം നടത്തിയ ഓലിയപ്പുറത്തിലച്ചന്റെ വാക്കുകൾ അനുസ്മരിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യായുടെ സ്നേഹവും വിശുദ്ധ അൽഫോൻസാമ്മയുടെ സഹനശക്തിയും അവരിരുവർക്കും ഇല്ലാതിരുന്ന ദീർഘായുസ്സും നൽകിക്കൊണ്ടു ദൈവം അനുഗ്രഹിച്ച വിശുദ്ധനായ ഒരു വൈദികനായിരുന്നു ബ. മാലിപ്പറമ്പിലച്ചൻ.